TB Weekly Movie Review

**#moviepanel**

പ്രിയപ്പെട്ടവർ

Written By : Sudhy Sj

ഒരു പോസ്റ്റർ കണ്ടു മാത്രം സിരകളിൽ ആവേശത്തോടെ രക്തം തിളച്ചുപ്പൊങ്ങി ഒരു സിനിമ കാണാൻ തോന്നിയിട്ടുണ്ടെൽ അത് ഈ ഒരു സിനിമ മാത്രമാണ് (സത്യം,not a sarcasm)

രാജ്യസ്നേഹികൾക്കായി ഒരു സിനിമ. ഈ കാലഘട്ടത്തിൽ, മാറുന്ന ഇന്ത്യയുടെ പുതിയ മുഖത്തിൽ, എങ്ങനെ ഒരാളെ രാജ്യസ്നേഹി എന്നും രാജ്യദ്രോഹി എന്നും വ്യക്തമാക്കുന്ന ആ അതിർവരമ്പുകൾ അല്ലേൽ definition വരച്ചുകാണിക്കുന്ന ചിത്രം. രാജ്യസ്നേഹത്തെ കുറിച്ച് പറയുന്നുണ്ടേൽ അത് കാണണം, ജീവിതത്തിൽ പകർത്തണം, കാരണം സിനിമ വെറും ഒരു വിനോദം മാത്രം അല്ല. ഒരു സമൂഹത്തിന്റെ ദിശതന്നെ നിർണയിക്കാൻ സിനിമ എന്ന മാധ്യമത്തിന് സാധ്യമാകാം.

നാടുവിട്ടുപോയ ഗോപിനാഥ മേനോൻ അങ് അമേരിക്കായിൽ ബിൽഗേറ്റ്മായി ആരാണ് കൂടുതൽ സ്വത്തിനു ഉടമ എന്ന രീതിക്ക് വളർന്ന ശേഷം നാട്ടിൽ സ്വസ്ഥത തേടി തിരിച്ചെത്തുന്നതും, പ്രിയപ്പെട്ടവരെ അന്വേഷിക്കുന്നതും ആണ് കഥയുടെ ഇതിവൃത്തം.

സ്വസ്ഥത തേടുന്ന ഗോപിനാഥമേനോൻ തനിക്കു ഇനിയുമൊരങ്കത്തിന് ബാല്യമുണ്ട് എന്ന തോന്നലിൽ ഉത്തരവവാദിത്തങ്ങൾ ഏറ്റെടുക്കകയും അതിനു സഹായകമായി ഒരു യുവതലമുറയെ ആകർഷിക്കുകയും ചെയ്ത് സിനിമ മുന്നോട്ട് പോകുന്നു.

രാജസേനൻ എന്ന അഭിനേതാവിന്റെ മികവ്, അദ്ദേഹം അവസാനം സംവിധാനം ചെയ്ത സിനിമകളുടെ അതേ നിലവാരം കാത്തുസൂക്ഷിച്ചത് ഒരു ഡയറക്ടർ ബ്രില്യൻസ് ആയി കണക്കാക്കാം. കൂടെ കട്ടക്ക് പിടിച്ചു നിന്നത് അദ്ദേഹത്തിന്റെ രണ്ടാമത്തെ മകന്റെ റോൾ ചെയ്ത വ്യക്തിയാണെന്ന് നിസ്സംശയം പറയാം. കൂട്ടത്തിൽ കൂട്ടാൻ പറ്റാതെ ഗോപകുമാർ എന്ന അഭിനേതാവ് മാറി നിൽക്കുന്നു.

ഒറിജിനാലിറ്റി മാറി നികുന്ന ആർട്ടിഫിഷ്യലിറ്റിയിലും സിനിമയെ മുന്നോട്ട് കാണാൻ പ്രേരിപ്പിച്ച ഘടകം രാഷ്ട്രീയം തന്നെയാണ്. പ്രകടമായ കൊടിയുടെ രാഷ്ട്രീയം. കേരളം ഇടതും വലതും ഭരിച്ച് നശിച്ച അവസ്ഥയിലും ലോകം മുഴുവൻ ഇന്ത്യ എന്ന മഹാരാജ്യത്തെ നോക്കിനില്ക്കുന്നു എന്ന രാഷ്ട്രീയ സാഹചര്യത്തെയാണ് സിനിമ കാണിക്കാൻ ശ്രമിക്കുന്നത് (ഇന്നത്തെ അവസ്ഥ വെച്ചു നോക്കിയാൽ

വളരെ വളരെ ശരിയാണെന്ന് ബോധ്യപ്പെടും😇)
മതമോ ജാതിയോ വർണമോ ഒന്നും ആരെയും വേർതിരിക്കാത്ത ഒരു ഭരണകൂടം നമുക്ക് കേന്ദ്രത്തിൽ ഉണ്ടെന്ന് സിനിമ സ്ഥാപികുന്നു. അതുകൊണ്ട് തന്നെ സിനിമ നമ്മുടെ ജീവിതത്തോട് എത്ര യാഥാർഥ്യമായി അടുത്തുനിക്കുന്നു എന്ന് മനസിലാക്കാൻ സാധിക്കും. Whatsapp യൂണിവേഴ്സിറ്റികൾ ഈ സിനിമയുടെ തിരക്കഥ സംഭാഷണ വേളകളിൽ എത്രത്തോളം സഹായിച്ചു എന്ന് കാണുന്ന ഓരോ പ്രേക്ഷകനും ഒരു ഉൾപ്പുളകം അനുഭവപ്പെടാം. ടാക്സിനെക്കുറിച്ചും, നോട്ടുനിരോധനത്തിന്റെ മേന്മകളും കള്ളപ്പണം പിടിക്കുന്ന കണക്കുകളും നിരത്തുന്ന രംഗങ്ങൾ മൂന്നു വർഷം മുന്നെ ഉള്ളതാണേലും ഇപ്പോളും രോമം കൂപ്പുന്ന കണക്ക് മികച്ച ഒരു അനുഭവം ആവുന്നു.

അബ്ദുള്ള എന്ന കഥാപാത്രത്തിലൂടെ മതസൗഹാർദ്ദത്തിന്റെ നിമിഷങ്ങളും ഗോപിനാഥ മേനോൻ സമൂഹത്തിലേക്ക് എടുത്തു കാണിക്കുന്നു .

കോസ്മിക് രശ്മികൾ ഭൂമിയിൽ പതിക്കും എന്നും ഫ്രൂട്ടിയിൽ എയ്ഡ്സ് ഉള്ള വ്യക്തിയുടെ രക്തം കലർന്നിട്ടുണ്ട് എന്നും ഇപ്പോളും വിശ്വസിക്കുന്നവർ ഉണ്ടെന്ന് സിനിമ കാണുമ്പോൾ ഒന്നൂടെ ഉറപ്പിക്കാം. സമൂഹ നിരീക്ഷണം നടത്തുന്ന ആൾക്കും വാട്സ്ആപ്പ് യൂണിവേഴ്സിറ്റി ഡിഗ്രിയുള്ള ആളും ഈ സിനിമയെ കാണുന്ന രീതി വ്യത്യസ്തമാവാം

വെയിലിൽ നിസ്കാരം നടത്തുന്ന വ്യക്തിക്ക് തണൽ വിരിക്കുന്ന പൂജാരിയും വികാരിയും എന്ന ഫോട്ടോ മനസിൽ സങ്കൽപ്പിക്കുക. ആ ചെയ്യുന്നതാണ് മതസൗഹാർദ്ദം എന്ന് ആഘോഷിക്കുന്നവർ ഉണ്ടെങ്കിൽ അവരിലെ ഒരു ശതമാനം ആളുകളും പ്രിയപ്പെട്ടവർ എന്ന ഈ സിനിമയും സത്യമാണ് എന്ന് വിശ്വസിക്കും.